നം.സി1/17852/2016

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം – 695004
ഫോൺ:- 0471-2445749, 2445799
ഇ-മെയിൽ: dairydirector05@yahoo.co.in
dddtvm@gmail.com
തീയതി:-08.12.2016

# സർക്കുലർ നം. 20/2016

വിഷയം:- ക്ഷീരവികസന വകുപ്പ് - മേഖലാ ക്ഷീരോല്പാദക യൂണിയനുകളിൽ പ്രാഥമിക ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് അംഗത്വം നൽകുന്നത് - വ്യക്തത നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സഹകരണ തത്വം അനുസരിച്ച് അംഗത്വം എന്നത് തുറന്നതും സ്വമേധയാ ഉള്ളതും ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ തത്വങ്ങളുടെ അടിസ്ഥാനത്തിൽ 1980 ൽ ആനന്ദ് മാതൃക ക്ഷീരസഹകരണ പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കുമ്പോൾ അതിന്റെ പ്രവർത്തനം ത്രിതലത്തിൽ ആകുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. പ്രാഥമിക തലത്തിൽ ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളും സെൻട്രൽ സൊസൈറ്റികളായി മേഖലാ യൂണിയനുകളും അപ്പക്സ് ബോഡിയായി സംസ്ഥാനതലത്തിൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും രൂപീകരിക്കപ്പെടുകയുണ്ടായി.

പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് അംഗത്വം നല്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ മേഖലായൂണിയനുകളുടെ നിയമാവലി ക്ലോസ്സ് (5) ൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ നിയമാവലി മാതൃകാ നിയമാവലിക്ക് അനുസൃതവും രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമായിരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്കും മേഖലായൂണിയനിൽ അംഗത്വത്തിന് അവകാശം ഉള്ളതാണ്. ആയതിനാൽ തന്നെ മേഖലായൂണിയനുകൾ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് അംഗത്വം നൽകാൻ ബാദ്ധ്യസ്ഥരുമാണ്. എന്നാൽ മേഖലായൂണിയനുകളുടെ അംഗീകൃത നിയമാവലി വ്യവസ്ഥകൾക്ക് വിരുദ്ധമായി പല പുതിയ വ്യവസ്ഥകളും അംഗത്വം നൽകുന്നതിലേയ്ക്കായി നിർദ്ദേശിക്കുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു.

ഇതുമൂലം പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന ലാഭവിഹിതം, പ്രവർത്തന ഗ്രാന്റ്, ഇതര ആനുകൂല്യങ്ങൾ എന്നിവ ലഭിക്കാതെ പോകുന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ട്. ചില മേഖലാ യൂണിയനുകൾ ഇൻസെന്റീവായി നൽകുന്ന തുകയും ഒരു ഭാഗം മേഖലായൂണിയന്റെ ഷെയർ ആയി മാറ്റി എടുക്കാറുണ്ട്. ഇത് പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ ആസ്തിയുമാണ്. അംഗത്വം ലഭിക്കാതെ പോകുന്ന സംഘങ്ങൾക്ക് ഈ ആസ്തി നഷ്ടപ്പെട്ടുപോകുന്ന സ്ഥിതി ഉണ്ടാകുന്നുണ്ട്.

1969 ലെ കേരള സഹകരണ നിയമം വകുപ്പ് (16) ചട്ടം(16) എന്നിവ പ്രകാരവും മേഖലായൂണിയനുകളുടെ നിയമാവലി ക്ലോസ്സ് (5) പ്രകാരവും ഏതൊരു ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘത്തിനും ഷെയർ തുകയും അംഗത്വ ഫീസും ( നിലവിൽ

100 രൂപയും, 5 രൂപയും) സഹകരണ നിയമപ്രകാരമുള്ള ഫോം നമ്പർ 31 ൽ പൂരിപ്പിച്ച അപേക്ഷയും സമർപ്പിക്കുന്ന പക്ഷം ബന്ധപ്പെട്ട മേഖലായൂണിയനുകൾ അംഗത്വം നൽകേണ്ടതാണെന്ന് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66 (5) പ്രകാരം ഇതിനാൽ നിർദ്ദേശിക്കുന്നു.

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 16(2) പ്രകാരം അംഗത്വത്തിന് അപേക്ഷ ലഭിക്കുന്ന പക്ഷം, ആയത് 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

ടി നിർദ്ദേശങ്ങൾ വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം 1969 ലെ കേരള സഹകരണ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണക്കാക്കി മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

ജോർജ്ജ്കുട്ടി ജേക്കബ്
രജിസ്ട്രാർ/ഡയറക്ടർ(i/c)
ക്ഷീരസഹകരണ സംഘം

1. ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ
   കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
2. ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ
   തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
   എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
   മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ.

പകർപ്പ് :-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും( മേഖലാ യൂണിയനിൽ അംഗത്വം ഇല്ലാത്ത എല്ലാ ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങൾക്കും 31/03/2017 നകം അംഗത്വം ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. എല്ലാ ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
3. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും
4. ജോയിന്റ് ഡയറക്ടർ ( (ജനറൽ) സ്റ്റേറ്റ് ഡയറി ലാബ്)
5. ഡെപ്യൂട്ടി ഡയറക്ടർ ( ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ)
6. എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാരും/ സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും
7. ഈ ഓഫീസിലെ സി1/സി2/സി3/ജി1/ജി2 സെക്ഷനുകൾക്ക്